# 154/2025

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

## 154/2025

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനി?
   - (A) വിജയലക്ഷ്മി പണ്ഡിറ്റ്
   - (B) സരോജിനി നായിഡു
   - (C) അരുണ അസഫലി
   - (D) ആനി ബസന്റ്

2. ലോകത്തിന്റെ മേൽക്കൂര എന്നറിയപ്പെടുന്നത്?
   - (A) പാമീർ പീഠഭൂമി
   - (B) ഉത്തര മഹാസമതലം
   - (C) ഥാർ മരുഭൂമി
   - (D) ഉപദ്വീപീയ പീഠഭൂമി

3. താഴെ തന്നിരിക്കുന്നതിൽ ഹിമാലയൻ നദി ഏതാണ്?
   - (A) ഗോദാവരി
   - (B) സിന്ധു
   - (C) നർമ്മദ
   - (D) കാവേരി

4. ഇൻഡ്യൻ ഭരണഘടനയുടെ ശിൽപി എന്നറിയപ്പെടുന്നത്?
   - (A) ജവഹർലാൽ നെഹ്റു
   - (B) സുഭാഷ് ചന്ദ്ര ബോസ്
   - (C) ഗോപാലകൃഷ്ണ ഗോഖലെ
   - (D) Dr. B.R. അംബേദ്ക്കർ

5. തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാന അതിർത്തികളോടു ചേർന്ന് സ്ഥിതി ചെയ്യുന്ന കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗം?
   - (A) മലനാട്
   - (B) ഇടനാട്
   - (C) തീരപ്രദേശം
   - (D) ദ്വീപുകൾ

6. ഇന്ത്യയിൽ ഹരിതവിപ്ലവത്തിന്റെ ആദ്യഘട്ടത്തിൽ ഏറ്റവും കൂടുതൽ നേട്ടം കാണാനായത് ഏത് ധാന്യത്തിന്റെ ഉൽപാദനത്തിലാണ്?
   - (A) നെല്ല്
   - (B) ബാർളി
   - (C) ഗോതമ്പ്
   - (D) ചോളം

7. ജനാധിപത്യത്തിന്റെ നിലനിൽപ്പിനാവശ്യമായ ഘടകങ്ങൾ ഏതെല്ലാം?

(i) നിയമവാഴ്ച

(ii) അവകാശങ്ങൾ

(iii) മാധ്യമങ്ങൾ

(iv) പ്രതിപക്ഷം

(A) (i), (ii), (iii) ശരി
(B) (i), (ii) ശരി
(C) (i), (ii), (iii), (iv) ശരി
(D) (i), (iii), (iv) ശരി

8. താഴെ തന്നിരിക്കുന്നതിൽ തൃതീയമേഖലയിൽ ഉൾപ്പെട്ടത് ഏത്?

(A) കെട്ടിടനിർമ്മാണം
(B) ബാങ്കിംഗ്
(C) കൃഷി
(D) ഖനനം

9. പുന്നപ്ര വയലാർ സമരം നടന്ന വർഷം?

(A) 1942
(B) 1940
(C) 1946
(D) 1938

10. കുട്ടികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി എക്സൈസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതി

(A) വിമുക്തി
(B) അമൃതം
(C) സുകൃതം
(D) ആയുർദളം

11. ഒന്നാം ലോക മഹായുദ്ധത്തിനെതിരായി സമാധാനജാഥ നടത്തി ബ്രിട്ടീഷ് സർക്കാരിനാൽ അറസ്റ്റ് ചെയ്യപ്പെട്ട കേരളത്തിലെ നവോത്ഥാന നായകൻ?

(A) മന്നത്ത് പദ്മനാഭൻ

(B) പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ

(C) അയ്യങ്കാളി

(D) പണ്ഡിറ്റ് K.P. കറുപ്പൻ

12. കേരള അഡ്വെഞ്ചർ ടൂറിസത്തിന്റെ ബ്രാൻഡ് അംബാസിഡർ?

(A) ശ്രീശാന്ത്
(B) P.R. ശ്രീജേഷ്
(C) മോഹൻലാൽ
(D) ടൊവിനൊ തോമസ്

13. സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യാനുപാതികമായി സംവരണം വേണമെന്ന ആവശ്യവുമായി തിരുവിതാംകൂറിൽ നടത്തിയ പ്രക്ഷോഭം?

(A) ചാന്നാർ ലഹള (B) കയ്യൂർ സമരം

(C) നിവർത്തന പ്രക്ഷോഭം (D) പാലിയം സത്യാഗ്രഹം

14. താഴെ തന്നിരിക്കുന്നത് ഏത് നവോത്ഥാന നായകനുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ്?

(i) സമത്വസമാജം സ്ഥാപിച്ചു

(ii) കന്യാകുമാരിയിലെ ശാസ്താം കോയിലിൽ ജനനം

(iii) സമപന്തിഭോജനം സംഘടിപ്പിച്ചു

(iv) ബ്രിട്ടീഷ് ഭരണത്തെ വെൺനീചഭരണം എന്ന് വിശേഷിപ്പിച്ചു

(A) വൈകുണ്ഠ സ്വാമികൾ (B) ചട്ടമ്പി സ്വാമികൾ

(C) സഹോദരൻ അയ്യപ്പൻ (D) ശ്രീനാരായണഗുരു

15. ഏറ്റവും വലിയ ലിഖിത ഭരണഘടനയുള്ള രാജ്യം?

(A) ചൈന (B) കാനഡ

(C) ഇന്ത്യ (D) അയർലണ്ട്

16. "ജനാധിപത്യഭരണം ജനങ്ങളുടെ ആഗ്രഹങ്ങൾക്ക് അനുസൃതമായിരിക്കണം". ഈ പ്രസ്താവന ആരുമായി ബന്ധപ്പെട്ടതാണ്?

(A) ജവഹർലാൽ നെഹ്റു (B) ഗാന്ധിജി

(C) സുഭാഷ് ചന്ദ്ര ബോസ് (D) അമർത്യാസെൻ

17. ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല സംഘടിത കലാപം

(A) കുറിച്യർ ലഹള (B) മലബാർ കലാപം

(C) വൈക്കം സത്യാഗ്രഹം (D) ആറ്റിങ്ങൽ കലാപം

18. 'കിഴക്കിന്റെ വെനീസ്' എന്നറിയപ്പെടുന്ന ജില്ല?

(A) തിരുവനന്തപുരം (B) ആലപ്പുഴ

(C) കൊല്ലം (D) എറണാകുളം

19. താഴെ പറയുന്നതിൽ കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന നദി ഏത്?

(A) കബനി
(B) പെരിയാർ
(C) ഭാരതപ്പുഴ
(D) ചാലക്കുടിപ്പുഴ

20. കേരളത്തിൽ റയിൽപ്പാത ഇല്ലാത്ത ജില്ല?

(A) കോഴിക്കോട്
(B) വയനാട്
(C) തിരുവനന്തപുരം
(D) പാലക്കാട്

21. ബിസിനസിൽ നിന്നും ലഭിക്കുന്ന വരുമാനത്തെ വിളിക്കുന്ന പേര്

(A) ലാഭം
(B) ശമ്പളം
(C) പലിശ
(D) വാടക

22. അന്തരീക്ഷത്തിൽ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്ന വാതകം

(A) നൈട്രജൻ
(B) ഓക്സിജൻ
(C) കാർബൺ ഡയോക്സൈഡ്
(D) ഹൈഡ്രജൻ

23. തമിഴ്നാട്ടിൽ നിന്ന് വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത നേതാവാരാണ്?

(A) നെടുംചെഴിയൻ
(B) എം.ജി. രാമചന്ദ്രൻ
(C) E.V. രാമസ്വാമി നായ്കർ
(D) അണ്ണാദുരൈ

24. ഇൻഡ്യൻ ഭരണഘടനാ ശില്പി എന്നറിയപ്പെടുന്നതാര്?

(A) ജവഹർലാൽ നെഹ്റു
(B) ഡോ. രാജേന്ദ്ര പ്രസാദ്
(C) ഡോ. ബി.ആർ. അംബേദ്കർ
(D) സുഭാഷ് ചന്ദ്രബോസ്

25. കേരളത്തിലെ ആദ്യത്തെ ടൂറിസം പദ്ധതി ഏത്?

(A) ഇക്കോ ടൂറിസം
(B) ബീച്ച് ടൂറിസം
(C) ഹിൽ സ്റ്റേഷൻ
(D) ബോട്ടിങ്ങ് പദ്ധതി

26. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി ഏത്?

(A) പമ്പ
(B) ഭാരതപ്പുഴ
(C) കബാനി
(D) പെരിയാർ

27. 2025ലെ ചെസ്സ് ലോകകപ്പ് മത്സരത്തിന് ആതിഥേയം വഹിക്കുന്ന രാജ്യം

(A) ഇന്ത്യ
(B) ജർമ്മനി
(C) നോർവെ
(D) യു.എസ്സ്.എ.

28. ലോകത്തിലെ ഏറ്റവും ചെറിയ ഭൂഖണ്ഡം

(A) അന്റാർട്ടിക്ക
(B) ഓസ്ട്രേലിയ
(C) ആഫ്രിക്ക
(D) യൂറോപ്പ്

29. കേരളനവോത്ഥാനത്തിന്റെ പിതാവ് എന്ന് പൊതുവായി അറിയപ്പെടുന്നത് താഴെപ്പറയുന്നവരിൽ ആരാണ്?

(A) ചട്ടമ്പി സ്വാമികൾ
(B) മന്നത്ത് പത്മനാഭൻ
(C) ശ്രീനാരായണഗുരു
(D) അയ്യങ്കാളി

30. 2025ലെ ഇന്ത്യൻ റിപ്പബ്ളികദിന പരേഡിൽ മുഖ്യാതിഥിയായ രാജ്യം

(A) ഫ്രാൻസ്
(B) ഇന്തോനേഷ്യ
(C) ജപ്പാൻ
(D) ബ്രസീൽ

31. അദ്വൈത ചിന്താപദ്ധതി എന്ന കൃതി രചിച്ചത് താഴെപ്പറയുന്നവരിൽ ആരാണ്?

(A) ബ്രഹ്മാനന്ദ ശിവയോഗി
(B) വി.ടി. ഭട്ടതിരിപ്പാട്
(C) ശ്രീനാരായണഗുരു
(D) ചട്ടമ്പി സ്വാമികൾ

32. ചന്ദ്രയാൻ-3 ദൗത്യം വിജയകരമായി പൂർത്തിയാക്കിയ രാജ്യം ഏതാണ്?

(A) ചൈന
(B) യു.എസ്സ്.എ.
(C) ഇന്ത്യ
(D) റഷ്യ

33. കേരളത്തിലെ ഏറ്റവും ചെറിയ ജില്ല ഏത്?

(A) ആലപ്പുഴ
(B) കൊല്ലം
(C) കോട്ടയം
(D) തൃശ്ശൂർ

34. കേരളത്തിന്റെ കായിക കവാടം എന്നറിയപ്പെടുന്ന സ്ഥലം

(A) പൊഴിയൂർ
(B) നിലമ്പൂർ
(C) കൊച്ചി
(D) കോതമംഗലം

35. അധഃസ്ഥിത വിഭാഗത്തിനു വേണ്ടി കേരളത്തിൽ ആദ്യം വിദ്യാലയം സ്ഥാപിച്ച സാമൂഹിക പരിഷ്കർത്താവ് ആരാണ്?

(A) അയ്യങ്കാളി
(B) വാഗ്ഭടാനന്ദൻ
(C) സഹോദരൻ അയ്യപ്പൻ
(D) ശ്രീനാരായണഗുരു

36. വി.ടി. ഭട്ടത്തിരിപ്പാട് 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം രചിച്ചത് ഏത് സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ പോരാടാനായിരുന്നു?

(A) നമ്പൂതിരി സമുദായം
(B) ഈഴവ സമുദായം
(C) നായർ സമുദായം
(D) അരയ സമുദായം

37. ഇന്ത്യയുടെ ബഹിരാകാശത്തുള്ള സൗര ദൗത്യത്തിന്റെ പേരെന്താണ്?

(A) മംഗൾയാൻ
(B) ഗഗൻയാൻ
(C) ചന്ദ്രയാൻ
(D) ആദിത്യ എൽ1

38. ഇന്ത്യയിലെ മൺസൂൺ കാലാവസ്ഥക്ക് പ്രധാന കാരണം?

(A) ഹിമാലയം
(B) കാറ്റിന്റെ ദിശാമാറ്റം
(C) സുനാമി
(D) ഭൂകമ്പം

39. കേരളത്തിലെ ആദ്യത്തെ മലയാള പത്രം?

(A) സാമാജികം
(B) രാജ്യസമാചാരം
(C) കേരള മംഗളം
(D) ദിനകരി

40. ഇന്ത്യയിലെ ഏറ്റവും വലിയ ക്രിക്കറ്റ് ടൂർണമെന്റ് ഏതാണ്?

(A) വിജയ്ഹസാരെ ട്രോഫി
(B) രഞ്ജി ട്രോഫി
(C) ഐ.പി.എൽ.
(D) ദുലീഫ് ട്രോഫി

41. $4 + 6 \div 2 \times 1$ എത്ര?

(A) 5
(B) 7
(C) 6
(D) 4

42. 1/2ന് തുല്യമായ ഭിന്ന സംഖ്യ ഏത്?

(A) 3/4
(B) 1/4
(C) 2/8
(D) 4/8

43. $1 + 0.1 + 0.01 + 0.001$ എത്ര?

(A) 1.3
(B) 1.03
(C) 1.111
(D) 1.003

44. രാമു എല്ലാ ദിവസവും സൊസൈറ്റിയിൽ പാൽ കൊടുക്കാറുണ്ട്. കഴിഞ്ഞ ആഴ്ച ആകെ 35 ലിറ്റർ പാലാണ് കൊടുത്തത്. ഒരു ദിവസം ശരാശരി എത്ര ലിറ്റർ പാലാണ് കൊടുത്തത്?

(A) 5 ലിറ്റർ
(B) 7 ലിറ്റർ
(C) 4 ലിറ്റർ
(D) 10 ലിറ്റർ

45. ഒരു ഇരുമ്പ് കട്ടയുടെ ഭാരം 1/5 കിലോ ഗ്രാം ആണ്. ഇത്തരം 25 കട്ടകളുടെ ഭാരം എത്ര കിലോഗ്രാം ആണ്?

(A) 75 കിലോഗ്രാം
(B) 20 കിലോഗ്രാം
(C) 5 കിലോഗ്രാം
(D) 4 കിലോഗ്രാം

46. ദാസും കൂട്ടുകാരും മൂന്നാറിലേക്ക് വിനോദയാത്ര പോയി. രാവിലെ 7 മണിക്ക് കോട്ടയത്തുനിന്നും പുറപ്പെട്ട ബസ് രാവിലെ 10 മണിക്ക് മൂന്നാറിൽ എത്തി. ആകെ 150 കിലോമീറ്റർ ആണ് ബസ് സഞ്ചരിച്ചത്. ബസിന്റെ ശരാശരി വേഗത എത്ര?

(A) 50 കിലോമീറ്റർ/മണിക്കൂർ
(B) 40 കിലോമീറ്റർ/മണിക്കൂർ
(C) 30 കിലോമീറ്റർ/മണിക്കൂർ
(D) 20 കിലോമീറ്റർ/മണിക്കൂർ

47. ഒരു കച്ചവടക്കാരൻ 500 രൂപയ്ക്ക് വാങ്ങിയ ഒരു ഷർട്ട് 560 രൂപയ്ക്ക് വിൽക്കുകയാണെങ്കിൽ ലാഭ ശതമാനം എത്ര?

(A) 12%
(B) 10%
(C) 15%
(D) 6%

48. 64ന്റെ വർഗ്ഗമൂലം എത്ര?

(A) 4
(B) 6
(C) 8
(D) 3

49. രണ്ട് സംഖ്യകളുടെ ഗുണനഫലം 24ഉം അവയുടെ ലസാഗു 12ഉം ആയാൽ ഉസാഘ എത്ര?

(A) 4
(B) 6
(C) 3
(D) 2

50. രമയുടെ കൈയിൽ ഒരു മീറ്റർ നീളമുള്ള റിബൺ ഉണ്ട്. രമ അതിന്റെ പകുതി സൗമ്യയ്ക്ക് കൊടുത്തു. സൗമ്യ കിട്ടിയതിന്റെ പകുതി സുമക്ക് കൊടുത്തു. സുമക്ക് കിട്ടിയത് എത്ര മീറ്റർ ആണ്?

(A) 0.05 മീറ്റർ
(B) 0.5 മീറ്റർ
(C) 2.5 മീറ്റർ
(D) 0.25 മീറ്റർ

51. 3, 5, 6 എന്നീ അക്കങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന എല്ലാ മൂന്നക്ക സംഖ്യകളും ചെറുതിൽ നിന്ന് വലുതിലേയ്ക്ക് ക്രമീകരിച്ച് എഴുതിയാൽ അവയിൽ 365 കഴിഞ്ഞ് തൊട്ടടുത്ത് വരുന്ന സംഖ്യ താഴെ തൊടുത്തവയിൽ ഏതാണ്?

(A) 356
(B) 563
(C) 536
(D) 635

52. 11 കൊണ്ടുള്ള ഹരണവുമായി ബന്ധപ്പെട്ട ഒരു ക്രമം തന്നിരിക്കുന്നു.

$(1\times22)\div11=2$
$(2\times22)\div11=4$
$(3\times22)\div11=6$

$(10\times22)\div11$ ന് തുല്യമായത് താഴെ കൊടുത്തവയിൽ ഏതാണ്?

(A) $2\times11$
(B) $2\times10$
(C) $2\times22$
(D) $10\times11$

53. $45\times15=675$ ആണ്. $45\times16$ ന് തുല്യമായത് താഴെ കൊടുത്തവയിൽ ഏതാണ്?

(A) $675-16$
(B) $675+16$
(C) $675-45$
(D) $675+45$

54. താഴെ കൊടുത്തിരിക്കുന്നവയിൽ $1\frac{2}{3}$ ന്റെ വ്യുൽക്രമം ഏതാണ്?

(A) $\frac{2}{3}$
(B) $\frac{5}{3}$
(C) $\frac{3}{5}$
(D) $\frac{3}{2}$

55. $1+4=5$
$2+5=12$
$3+6=21$
$8+11=?$

(A) 48
(B) 50
(C) 78
(D) 96

56. അമ്മയുടെ വയസ്സ് മകളുടെ വയസ്സിന്റെ 6 ഇരട്ടിയാണ്. അവരുടെ വയസ്സുകൾ തമ്മലുള്ള വ്യത്യാസം 30 ആണ്. എങ്കിൽ അമ്മയുടെ വയസ്സ് എത്ര?

(A) 30 (B) 36

(C) 40 (D) 60

57. ഒറ്റയാനെ കണ്ടെത്തുക?

(A) 65 (B) 37

(C) 25 (D) 17

58. 1 kg സ്വർണ്ണം എത്ര പവൻ ആണ്?

(A) 125 (B) 100

(C) 110 (D) 101

59. $\frac{3}{4} \div \frac{1}{2}$ ന് തുല്യമായത് ഏതാണ്?

(A) $\frac{2}{4} \times \frac{1}{2}$ (B) $\frac{3}{4} \div 2$

(C) $\frac{4}{3} \div 2$ (D) $\frac{3}{4} \times 2$

60. അഭാജ്യസംഖ്യകളിലെ ഇരട്ടസംഖ്യ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(A) 2 (B) 4

(C) 6 (D) 8

61. രാസോർജ്ജത്തെ വൈദ്യുതോർജ്ജമാക്കി മാറ്റാൻ കഴിയുന്ന സംവിധാനമാണ്

(A) വൈദ്യുത മോട്ടോർ (B) വൈദ്യുത ഹീറ്റർ

(C) വൈദ്യുത സെൽ (D) വൈദ്യുത ജനറേറ്റർ

62. AC ജനറേറ്ററിനെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(i) AC ജനറേറ്റർ ദിശ മാറുന്ന വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു

(ii) AC ജനറേറ്റർ ദിശ മാറാത്ത വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു

(iii) AC ജനറേറ്ററിന്റെ ആർമേച്ചർ ടെർമിനലുമായി വിളക്കി ചേർത്ത പൂർണ വളയങ്ങളാണ് സ്ലിപ്പ്റിങ്ങ്സ്

(A) (i), (ii) ശരി (B) (ii), (iii) ശരി

(C) എല്ലാം ശരിയാണ് (i), (ii), (iii) (D) (i), (iii) ശരി

63. ജലവൈദ്യുത നിലയത്തിൽ നടക്കുന്ന ഊർജ്ജ മാറ്റം

(A) വൈദ്യുതോർജ്ജം യാന്ത്രികോർജ്ജമായി മാറുന്നു

(B) യാന്ത്രികോർജ്ജം വൈദ്യുതോർജ്ജമായി മാറുന്നു

(C) വൈദ്യുതോർജ്ജം താപോർജ്ജമായി മാറുന്നു

(D) താപോർജ്ജം വൈദ്യുതോർജ്ജമായി മാറുന്നു

64. കൃത്രിമ ഉപഗ്രഹങ്ങൾ പ്രവർത്തിക്കുന്നതിനുള്ള വൈദ്യുതി ലഭിക്കുന്നത് എവിടെ നിന്നാണ്?

(A) സോളാർ പാനൽ (B) ഡീസൽ

(C) പെട്രോൾ (D) കൽക്കരി

65. വിതരണ ട്രാൻസ്ഫോർമറിന്റെ ഓട്ട്പുട്ടിൽ നിന്ന് 4 വയറുകൾ പുറത്ത് വരുന്നുണ്ട്. ഇത് സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(i) ഇതിൽ ഒന്ന് ന്യൂട്രലും മൂന്നെണ്ണം ഫേസുകളുമാണ്.

(ii) ന്യൂട്രൽ പൊട്ടൻഷ്യൽ പൂജ്യമായിരിക്കും.

(iii) ഫേസിനും, ന്യൂട്രലിനുമിടയിൽ പൊട്ടൻഷ്യൽ വ്യത്യാസം 230 V ആണ്.

(iv) ഏതെങ്കിലും രണ്ട് ഫേസുകൾക്കിടയിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം 460 V ആണ്.

(A) (i), (ii), (iii) ശരി (B) (ii), (iii), (iv) ശരി

(C) എല്ലാം ശരിയാണ് (D) (iii), (iv) ശരി

66. ഇന്ത്യയിൽ വിതരണത്തിനു വേണ്ടി ഉൽപ്പാദിപ്പിക്കുന്ന ACയുടെ ആവൃത്തി എത്ര?

(A) 25 Hz (B) 100 Hz

(C) 60 Hz (D) 50 Hz

67. വൈദ്യുതോർജ്ജം സംഭരിക്കാനും ആവശ്യമുള്ളപ്പോൾ ഡിസ്ചാർജ് വഴി ബാഹ്യ സർക്കീട്ടിലൂടെ വൈദ്യുത പ്രവാഹം അൽപ സമയത്തേയ്ക്ക് സാധ്യമാക്കുവാനും ഉപയോഗിക്കുന്ന ഘടകമാണ്

(A) റസിസ്റ്റർ (B) കപ്പാസിറ്റർ

(C) വോൾട്ട്മീറ്റർ (D) ഗാൽവനോമീറ്റർ

68. വൈദ്യുത രാസസെൽ കണ്ടുപിടിച്ചതാര്?

(A) ഹെൻറി കാവൻഡിഷ് (B) ഐസക് ന്യൂട്ടൻ

(C) അലക്സാൻഡ്രോ വോൾട്ട (D) ജോസഫ് പ്രീസ്റ്റിലി

69. വൈദ്യുത പ്രവാഹ തീവ്രതയുടെ യൂണിറ്റ്

(A) ആമ്പിയർ (B) വോൾട്ട്

(C) ഫാരഡ് (D) ക്യൂളോം

70. താഴെ കൊടുത്തിരിക്കുന്നവയിൽ ഉരസൽമൂലം വൈദ്യുതീകരിക്കാനാകാത്തത് ഏത്?

(A) ഗ്ലാസ്സ് (B) പ്ലാസ്റ്റിക്

(C) PVC പൈപ്പ് (D) ഹാക്സോ ബ്ലേഡ്

71. ഇന്ത്യയിലെ പവർസ്റ്റേഷനുകളിൽ സാധാരണയായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് എത്ര കിലോ വോൾട്ടിലാണ്?

(A) 111 kV (B) 11 kV

(C) 220 kV (D) 400 kV

72. വൈദ്യുതോർജ്ജം അളക്കാനുപയോഗിക്കുന്ന ഉപകരണമാണ്

(A) മൾട്ടി മീറ്റർ (B) അമീറ്റർ

(C) വാട്ട് അവർ മീറ്റർ (D) വോൾട്ട് മീറ്റർ

73. തന്നിരിക്കുന്നതിൽ ഏതാണ് തുറന്ന സെർക്കീട്ട്?

(A) ഫാൻ കറങ്ങുന്നു

(B) കേടായ ബെല്ലിന്റെ സ്വിച്ച് ഓൺചെയ്യുന്നു

(C) മിക്സി പ്രവർത്തിക്കുന്നു

(D) ബൾബ് പ്രകാശിക്കുന്നു

74. ഒരു അടഞ്ഞ സെർക്കീട്ടിൽ വൈദ്യുത പ്രവാഹം ഉണ്ടാകണമെങ്കിൽ അതിലെ സെല്ലിന്റെ രണ്ട് ടെർമിനലുകൾ

(A) ഉയർന്ന പൊട്ടൻഷ്യലിൽ ആയിരിക്കണം

(B) വ്യത്യസ്ത താപനിലയിൽ ആയിരിക്കണം

(C) വ്യത്യസ്ത ഉയരത്തിൽ ആയിരിക്കണം

(D) തമ്മിൽ ഒരു പൊട്ടൻഷ്യൽ വ്യത്യാസം ഉണ്ടായിരിക്കണം

75. വൈദ്യുതിയുടെ താപഫലത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ഉപകരണമാണ്

(A) സുരക്ഷാഫ്യൂസ്
(B) MCB
(C) ELCB
(D) RCCB

76. ഫിലമെന്റ് ലാമ്പുകളിലെ ഫിലമെന്റ് നിർമ്മിക്കാനുപയോഗിക്കുന്ന ലോഹം

(A) കോപ്പർ
(B) സിൽവർ
(C) ടങ്ങ്സ്റ്റൺ
(D) ടൈറ്റാനിയം

77. ട്രാൻസ്ഫോർമറിനെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(i) പവറിൽ വ്യത്യാസം വരാതെ ACയുടെ വോൾട്ടത ഉയർത്താനോ താഴ്ത്താനോ സഹായിക്കുന്ന ഉപകരണമാണ് ട്രാൻസ്ഫോർമർ.

(ii) ACയുടെ വോൾട്ടത ഉയർത്തുന്നത് സ്റ്റെപ്പ് അപ് ട്രാൻസ്ഫോർമറും ACയുടെ വോൾട്ടത താഴ്ത്തുന്നത് സ്റ്റെപ് ഡൗൺ ട്രാൻസ്ഫോർമറുമാണ്.

(iii) ട്രാൻസ്ഫോർമർ പ്രവർത്തിക്കുന്നത് മ്യൂച്ചൽ ഇൻഡക്ഷൻ എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ്.

(A) (ii), (iii) ശരി
(B) (i), (ii) ശരി
(C) എല്ലാം ശരി (i), (ii), (iii)
(D) (i), (iii) ശരി

78. ഗാർഹിക ആവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ വോൾട്ടേജ്

(A) 110 V
(B) 460 V
(C) 160 V
(D) 230 V

79. തന്നിട്ടുള്ളവയിൽ ഊർജ്ജ ലാഭത്തിന് ഗണ്യമായി സഹായിക്കുന്നത് ഏത്?

(A) ഫിലമെന്റ് ബൾബ്
(B) കോമ്പാക്ട് ഫ്ലൂറസെന്റ് ലാമ്പ് (CFL)
(C) ലൈറ്റ് എമിറ്റിംഗ് ഡയോഡ് (LED)
(D) ഇവയെല്ലാം

80. വൈദ്യുതി കടത്തി വിടാത്തത് ഏത്?

(A) പ്ലാസ്റ്റിക് സ്കെയിൽ
(B) സേഫ്റ്റി പിൻ
(C) സ്റ്റീൽ സ്കെയിൽ
(D) ലോഹ വള

81. പുനരുപയോഗിക്കാവുന്ന വൈദ്യുത സ്രോതസ്സുകൾ താഴെ പറയുന്നവയിൽ ഏതു ജോഡിയാണ്?

(A) സൗരോർജ്ജം, കാറ്റ്
(B) ബയോമാസ്, കൽക്കരി
(C) പ്രകൃതിവാതകം, കാറ്റ്
(D) ഇവയൊന്നുമല്ല

82. ഇലക്ട്രിക് ലൈനുകളിൽ ചെമ്പ് കമ്പി ഉപയോഗിക്കാത്തതിന്റെ കാരണങ്ങളിൽ ശരിയായവ ഏതൊക്കെ?

(i) ചെമ്പിന് അലൂമിനിയത്തേക്കാൾ വില കൂടുതലാണ്.
(ii) ചെമ്പിന് താരതമ്യേന വില കുറവും ഭാര കുറവുമാണ്.
(iii) ചെമ്പ് അലൂമിനിയത്തേക്കാൾ സാന്ദ്രതയും ഭാരവുമുള്ളതാണ്.
(iv) വായു, ഈർപ്പം എന്നിവയുമായി സമ്പർക്കത്തിൽ വരുമ്പോൾ ചെമ്പ് നാശനത്തിന് വിധേയമാകുന്നു.

(A) (i) & (iii) ശരി
(B) (i), (iii), (iv) ശരി
(C) (ii) മാത്രം ശരി
(D) (iv) മാത്രം ശരി

83. വീട്ടിൽ ഉപയോഗിക്കുന്ന വൈദ്യുതി എത്ര വോൾട്ട് ആണ്?

(A) നമ്മുടെ വീട്ടിൽ ഉപയോഗിക്കുന്ന വൈദ്യുതി 230 V ആണ്
(B) നമ്മുടെ വീട്ടിൽ ഉപയോഗിക്കുന്ന വൈദ്യുതി 240 V ആണ്
(C) നമ്മുടെ വീട്ടിൽ ഉപയോഗിക്കുന്ന വൈദ്യുതി 210 V ആണ്
(D) നമ്മുടെ വീട്ടിൽ ഉപയോഗിക്കുന്ന വൈദ്യുതി 260 V ആണ്

84. കേരളത്തിൽ ലഭിക്കുന്ന വൈദ്യുതിയുടെ ഭൂരിഭാഗവും ഉത്പാദിപ്പിക്കുന്നത് ഏത് വൈദ്യുതി നിലയത്തിൽ നിന്നാണ്?

(A) ഇടുക്കി
(B) മലമ്പുഴ
(C) കുറ്റ്യാടി
(D) ശബരീഗിരി

85. ഫ്യൂസിനു പകരം വീടുകളിൽ ഉപയോഗിക്കുന്ന MCBയുടെ പൂർണ രൂപം താഴെ പറയുന്നവയിൽ ഏതാണ്?

(A) മിനിയേച്ചർ സർക്ക്യൂട്ട് ബ്രേക്കർ
(B) മിനിയേച്ചർ കറന്റ് ബ്രേക്കർ
(C) മാക്സിമം സർക്ക്യൂട്ട് ബ്രേക്കർ
(D) മിനിമം സർക്ക്യൂട്ട് ബ്രേക്കർ

86. ഷോക്കേറ്റയാളെ രക്ഷിക്കാൻ നാം ആദ്യം ചെയ്യേണ്ടത് എന്താണ്?

(A) വൈദ്യുത ചാലകങ്ങളല്ലാത്ത വസ്തുക്കൾ ഉപയോഗിച്ച് ഷോക്കേറ്റയാളെ വൈദ്യുത സമ്പർക്കത്തിൽ നിന്നു മാറ്റുക

(B) സ്വയം ശ്വസിക്കാൻ കഴിയുന്നില്ലെങ്കിൽ കൃത്രിമ ശ്വാസം നൽകുക

(C) ഉടനടി ആശുപത്രിയിൽ എത്തിക്കുക

(D) ഹൃദയമിടിപ്പ് നിലച്ചിട്ടുണ്ടെങ്കിൽ CPR നൽകുക

87. വൈദ്യുതാഘാതം ഏൽക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ താഴെ പറയുന്നവയിൽ ഏതെല്ലാമാണ്?

(i) സ്വിച്ച് ഓണായിരിക്കുമ്പോൾ ബൾബ് മാറ്റുന്നു.

(ii) ഗുണനിലവാരമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

(iii) ഇൻസുലേഷൻ പോയ വയറുകൾ ഉപയോഗിക്കുന്നു.


(iv) വസ്തുക്കൾ അയൺ ചെയ്യുമ്പോൾ ചെരുപ്പ് ഉപയോഗിക്കുന്നു.

(A) (i) & (ii)
(B) (iii) & (iv)
(C) (i) & (iii)
(D) (i) & (iv)

88. വൈദ്യുതി വിതരണത്തിനുള്ള ഇലക്ട്രിക് ലൈനുകളിലൂടെ വൈദ്യുതി കടന്നു പോവാൻ ഏതു ലോഹമാണ് നാം സാധാരണയായി ഉപയോഗിക്കുന്നത്?

(A) ചെമ്പ്
(B) അലൂമിനിയം
(C) വെള്ളി
(D) ഇവയൊന്നുമല്ല

89. സെർക്കീട്ടുകളിൽ ഉപയോഗിക്കുന്ന വസ്തുക്കളെ സൂചിപ്പിക്കാൻ ചില അടയാളങ്ങൾ ഉപയോഗിക്കാറുണ്ട്. ഇവയാണ് ചിഹ്നങ്ങൾ. ചാലക കമ്പിയെ സൂചിപ്പിക്കുന്ന ചിഹ്നം താഴെ പറയുന്നവയിൽ ഏതാണ്?

(A) 
(B) 
(C) 
(D) 

90. ജലവൈദ്യുത നിലയങ്ങളിലെ വലിയ ജനറേറ്ററുകൾ പ്രവർത്തിപ്പിച്ച് ഉൽപാദിപ്പിക്കുന്ന വൈദ്യുതി നാം പ്രധാനമായും വീടുകളിൽ ഉപയോഗിക്കുന്നു. ജനറേറ്ററുകളിലെ ഊർജ്ജമാറ്റം ഏതാണ്?

(A) യാന്ത്രികോർജ്ജം വൈദ്യുതോർജ്ജമാകുന്നു

(B) വൈദ്യുതോർജ്ജം യാന്ത്രികോർജ്ജമാകുന്നു

(C) രാസോർജ്ജം വൈദ്യുതോർജ്ജമാകുന്നു

(D) യാന്ത്രികോർജ്ജം പ്രകാശോർജ്ജമാകുന്നു

91. സൂര്യനിൽ നിന്നുള്ള ഊർജ്ജം വൈദ്യുതോർജ്ജം ആക്കി മാറ്റുന്നതിനുള്ള സംവിധാനമാണ് _________

(A) സോളാർ സെല്ലുകൾ
(B) സോളാർ സ്ട്രീറ്റ് ലൈറ്റുകൾ
(C) സോളാർ പാനൽ
(D) ഇവയൊന്നുമല്ല

92. ഗാർഹിക വിതരണ ട്രാൻസ്ഫോർമറിലെ വിതരണ ലൈനുകളിലെ ഒരു ഫേസ് ലൈനും ഭൂമിയും തമ്മിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം എത്രയാണ്?

(A) 400 V
(B) 230 V
(C) 240 V
(D) 420 V

93. കേരളത്തിൽ ആലപ്പുഴ ജില്ലയിലെ കായംകുളത്ത് പ്രവർത്തിക്കുന്ന ഒരു താപവൈദ്യുത നിലയമാണ് കായംകുളം താപനിലയം. ഇവിടെ ഉപയോഗിക്കുന്ന ഇന്ധനം ഏത്?

(A) കൽക്കരി
(B) ഡീസൽ
(C) നാഫ്ത
(D) ഇവയൊന്നുമല്ല

94. ത്രീപിൻ പ്ലഗ്ഗിലെ എർത്ത് പിന്നിന്റെ പ്രത്യേകതകളിൽ ശരിയായവ ഏതൊക്കെ?

(i) എർത്ത് പിന്നിന് മറ്റു രണ്ടു പിന്നുകളെ അപേക്ഷിച്ച് വണ്ണവും നീളവും കുറവായിരിക്കും.

(ii) ത്രീപിൻ സോക്കറ്റിലേക്ക് ഘടിപ്പിക്കുമ്പോൾ എർത്ത് പിൻ സെർക്കീട്ടുമായി ആദ്യം സമ്പർക്കത്തിൽ വരുന്നു.

(iii) എർത്ത് വയറായി കനം കൂടിയ ചെമ്പുകമ്പി ഉപയോഗിക്കുന്നതിനാൽ പ്രതിരോധം കുറഞ്ഞ പാത സൃഷ്ടിക്കപ്പെടുന്നു.

(iv) എർത്ത് പിന്നിന് മറ്റു രണ്ടു പിന്നുകളെ അപേക്ഷിച്ച് വണ്ണവും നീളവും കൂടുതലായിരിക്കും.

(A) (i) & (ii) ശരിയാണ്
(B) (ii), (iii), (iv) ശരിയാണ്
(C) (i) & (iii) ശരിയാണ്
(D) (iii) & (iv) ശരിയാണ്

95. താഴെ തന്നിരിക്കുന്നവയിൽ വൈദ്യുതിയുടെ ചാലകങ്ങളായി പ്രവർത്തിക്കുന്ന ഗ്രൂപ്പ് ഏത്?

(A) ഇരുമ്പ്, തടി, വെള്ളി
(B) ഇരുമ്പ്, സ്വർണ്ണം, പേപ്പർ
(C) സ്വർണ്ണം, ചെമ്പ്, അലൂമിനിയം
(D) ഗ്രാഫൈറ്റ്, പ്ലാസ്റ്റിക്, സ്വർണ്ണം

96. വൈദ്യുത വിതരണ സംവിധാനത്തിൽ ഫീഡറിന്റെ ഉപയോഗം എന്ത്?

(A) വൈദ്യുതി ഉൽപാദന കേന്ദ്രത്തിൽ നിന്നും വൈദ്യുതി വിതരണ കേന്ദ്രത്തിലേക്ക് വൈദ്യുതി എത്തിക്കുന്നു

(B) സുരക്ഷിതമായ ഉപയോഗത്തിനായി വോൾട്ടേജ് ലെവലുകൾ ക്രമീകരിക്കുന്നു

(C) അപകട സാഹചര്യങ്ങളിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നു

(D) ഇവയൊന്നുമല്ല

97. വൈദ്യുതി വിതരണത്തിൽ ട്രാൻസ്ഫോർമറുകളുടെ ഉപയോഗമെന്ത്?

(A) ഉൽപാദന കേന്ദ്രത്തിൽ നിന്നുമുള്ള വൈദ്യുതിയെ ഉപഭോക്താവിനു ആവശ്യമുള്ള വോൾട്ടേജിലേക്ക് നിയന്ത്രിക്കുന്നു.

(B) വൈദ്യുതി ഉല്പാദിപ്പിക്കുന്നു

(C) ഉപഭോക്താവിന്റെ വൈദ്യുതി ഉപയോഗം അളക്കാൻ ഉപയോഗിക്കുന്നു

(D) ഇവയൊന്നുമല്ല

98. ഉൽപ്പാദകരിൽ നിന്നു ഉപഭോക്താക്കളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുമുള്ള പരസ്പരബന്ധിതമായ ശ്യംഖല ഏതാണ്?

(A) പവർ സ്റ്റേഷനുകൾ
(B) ട്രാൻസ്ഫോർമറുകൾ
(C) ഇലക്ട്രിക്കൽ ഗ്രിഡ്
(D) ഇവയൊന്നുമല്ല

99. വൈദ്യുത ഉപഭോഗം അളക്കുന്നതിനുള്ള ഉപകരണം ഏതാണ്?

(A) മെയിൻ സ്വിച്ച്
(B) വാട്ട് അവർ മീറ്റർ
(C) MCB
(D) ഇവയൊന്നുമല്ല

100. പവർസ്റ്റേഷനിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നത് എത്ര വോൾട്ടിലാണ്?

(A) 11 kV
(B) 110 kV
(C) 220 kV
(D) 33 kV

---

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**